**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4464** **18-03-2025 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിൽ അനുവദിച്ച മെമ്പേഴ്സ് റിലീഫ് ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ. വി.എൻ വാസവൻ (തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നത്തുനാട് മണ്ഡലത്തിൽ സർവ്വീസ് സഹകരണ സംഘങ്ങൾ വഴി മെമ്പേഴ്സ് റിലീഫ് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കുന്നത്തുനാട് മണ്ഡലത്തിൽ വിവിധ സർവ്വീസ് സഹകരണസംഘങ്ങൾ വഴി 6 തവണകളായി മെമ്പർ റിലീഫ് ഫണ്ട് അനുവദിച്ചിട്ടുണ്ട്. |
| (ബി) | കുന്നത്തുനാട് മണ്ഡലത്തിൽ വിവിധ സർവ്വീസ് സഹകരണ സംഘങ്ങൾ മുഖേന എത്രപേർക്ക് എത്ര തുക വീതം മെമ്പേഴ്സ് റിലീഫ് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് സർവ്വീസ് സഹകരണ സംഘങ്ങളുടെ പേരും തുകയും സഹിതം ലഭ്യമാക്കാമോ; | (ബി) | കുന്നത്തുനാട് മണ്ഡലത്തിൽ വിവിധ സർവ്വീസ് സഹകരണ സംഘങ്ങൾ മുഖേന 521 പേർക്ക് 1,01,95,000/ രൂപ മെമ്പർ റിലീഫ് ഫണ്ട് അനുവദിച്ചിട്ടുണ്ട്. മെമ്പർ റിലീഫ് ഫണ്ട് അനുവദിച്ച നൽകിയിട്ടുള്ള സഹകരണ സംഘങ്ങളുടെ പേരും തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | മെമ്പേഴ്സ് റിലീഫ് ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; | (സി) | സർക്കാരിന്റെ 22.06.2018 ലെ സ.ഉ.(കൈ)നം. 22/2018/സഹ നമ്പർ ഉത്തരവ്, 02.11.2020 ലെ സ.ഉ.(കൈ)നം. 23/2020/സഹ നമ്പർ ഉത്തരവ്, സഹകരണസംഘം രജിസ്ട്രാറുടെ 04/2020 നമ്പർ സർക്കുലർ എന്നിവയിലെ മാനദണ്ഡങ്ങൾ പ്രകാരമാണ് മെമ്പർ റിലീഫ് ഫണ്ട് അനുവദിക്കുന്നത്.<br><br>ഈ സ്കീം പ്രകാരം "അംഗം" എന്നാൽ 1969 ലെ കേരള സഹകരണ സംഘം നിയമ പ്രകാരം രജിസ്റ്റർ ചെയ്ത സഹകരണ സംഘത്തിലെ "എ ക്ലാസ്സ്" ഷെയർ ഉള്ള വ്യക്തി ആയിരിക്കും. ടി വ്യക്തി സംഘത്തിൽ അംഗമായിട്ട് 3 വർഷക്കാലാവധി പൂർത്തീകരിച്ചിരിക്കണം.<br><br>അർബുദം, വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ/ വൃക്കരോഗം ബാധിച്ച് ഡയാലിസിസിന് വിധേയരായിക്കൊണ്ടി രിക്കുന്നവർ, പരാലിസിസ് ബാധിച്ച് ശയ്യാവലംബരായവർ, എച്ച്.ഐ.വി ബാധിതർ, ഗുരുതര ശസ്ത്രക്രിയയ്ക്ക് (ബൈപാസ്/ഓപ്പൺ ഹാർട്ട് സർജറി) വിധേയരായവർ, കരൾ സംബന്ധമായ ഗുരുതര |

| | | | |
|---|---|---|---|
| | | | രോഗം ബാധിച്ചവർ (ലിവർ സിറോസിസ്, കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രീയയ്ക്ക് വിധേരായവർ) തുടങ്ങിയ മാരക രോഗ ബാധിതരായവർ, വാഹനാപകടത്തിൽ പെട്ട് ശയ്യാവലംബരായവർ, മാതാപിതാക്കൾ മരിച്ചപോയ സാഹചര്യത്തിൽ അവർ എടുത്ത വായ്പയ്ക്ക് ബാധ്യതപ്പെട്ട പ്രായപൂർത്തിയാകാത്ത കുട്ടികൾ എന്നിവർക്കാണ് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുള്ളത്.<br><br>അംഗസമാശ്വാസ നിധി പദ്ധതി പ്രകാരം നൽകുന്ന പരമാവധി ധനസഹായം 50,000/- രൂപയായി നിജപ്പെടുത്തിയിരിക്കുന്നു.<br><br>മൂന്ന് ലക്ഷത്തിൽ കൂടുതൽ വാർഷിക വരുമാനമുള്ള അപേക്ഷകർക്കോ, ആശ്രിതർക്കോ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കില്ല. ഒരിക്കൽ ആനുകൂല്യം ലഭിച്ചവർക്ക് പിന്നീട് ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കില്ല.<br><br>സംഘത്തിൽ നിന്നും അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ന് ലഭിക്കുന്ന അപേക്ഷ ബന്ധപ്പെട്ട താലൂക്കിലെ യൂണിറ്റ് ഇൻസ്പെക്ടർമാർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി 7 ദിവസത്തിനകം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ന് സമർപ്പിക്കേണ്ടതും, അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) 7 ദിവസത്തിനകം ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ന് സമർപ്പിക്കേണ്ടതും, ജില്ല ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ സഹകരണ സംഘം രജിസ്ട്രാർക്ക് ഉപരിപത്രം സഹിതം നേരിട്ടോ, രജിസ്ട്രേഡ് തപാൽ മുഖേനയോ സമർപ്പിക്കേണ്ടതുമാണ്.<br><br>ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനുള്ള ചുമതല സഹകരണ വകുപ്പ് മന്ത്രിയും, സഹകരണ വകുപ്പ് സെക്രട്ടറിയും, സഹകരണ സംഘം രജിസ്ട്രാറും ഉൾപ്പെട്ട ഒരു കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. |
| (ഡി) | അർഹരായ മുഴുവൻ അപേക്ഷകർക്കും വേഗത്തിൽ മെമ്പേഴ്സ് റിലീഫ് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | ജില്ലകളിൽ നിന്നും ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർ പരിശോധിച്ച് ശുപാർശ ഉൾപ്പെടെ സമർപ്പിക്കുന്ന എല്ലാ അപേക്ഷകളും സഹകരണസംഘം രജിസ്ട്രാർ ആഫീസിൽ പരിശോധന നടത്തി അർഹതാ മാനദണ്ഡങ്ങൾ പാലിക്കുന്ന എല്ലാ അപേക്ഷകളും ഹൈലെവൽ കമ്മിറ്റിയിൽ സമർപ്പിച്ച് വേഗത്തിൽ മെമ്പേഴ്സ് റിലീഫ് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | സംഘത്തിന്റെ പേര് | അനുവദിച്ച തുക |
|---|---|---|
| 1 | ഐക്കരനാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ 172 | 910000 |
| 2 | ഐരാപുരം സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ 2124 | 725000 |
| 3 | കുന്നത്തുനാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ 3 | 425000 |
| 4 | കിഴക്കമ്പലം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ആർ 83 | 730000 |
| 5 | മഴുവന്നൂർ സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ ഇ 21 | 1225000 |
| 6 | മലയിടം തുരുത്ത് സർവ്വീസ് സഹകരണ ബാങ്ക്ക്ലിപ്തം നമ്പർ 2794 | 1275000 |
| 7 | മാമല സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2799 | 170000 |
| 8 | മാറംപള്ളി സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ ഇ 265 | 1455000 |
| 9 | നെല്ലാട് —വീട്ടൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ 332 | 410000 |
| 10 | പൂതൃക്ക സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ 344 | 1110000 |
| 11 | വടവുകോട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 651 | 970000 |
| 12 | വാഴക്കുളം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 939 | 485000 |
| 13 | വാഴക്കുളം ബ്ലോക്ക് റൂറൽസഹകരണ സംഘം ക്ലിപ്തം നമ്പർ ഇ 1082 | 45000 |
| 14 | ഐരാപുരം പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ 834 | 125000 |
| 15 | എം.ഒ.എസ്.സി മെഡിക്കൽ കോളേജ് എംപ്ലോയീസ് ക്രെഡിറ്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ.ഇ 1136 | 35000 |
| 16 | മഴുവന്നൂർ സ്പൈസസ് മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ.ഇ 1282 | 100000 |
| | **ആകെ** | **1,01,95,000/-** |

**സെക്ഷൻ ഓഫീസർ**